LIBRARY ARCHIVES Kerala Legislative Assembly

2008-ന മുൻപ് നികത്തിയതും "നിലം" തരമായി അടിസ്ഥാന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും ഡാറ്റാബാങ്കിൽ നിലം/തണ്ണീർത്തടമായി ഉൾപ്പെടാത്തതുമായ 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ഫീസ് സൗജന്യം നൽകിയും ഫീസ് ഏകീകരിച്ചും 25-2-2021-ലെ സ.ഉ.(സാധാ) നമ്പർ 1166/2021/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് 21-4-2021-ലെ എസ്.ആർ.ഒ 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ആയവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റി നൽകുന്ന പ്രക്രിയ ഇതിനോടകം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് ഇനിയും ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി&സി) മേൽ ഉത്തരവുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സ്വീകരിച്ച് നടപടി ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുസംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമായതിനാൽ ആയത് പരിശോധിച്ചുവരികയാണ്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

232 (981) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപ്പുറം - നെയ്യാറ്റിൻകര പാലം, മുള്ളറവിള - ആയയിൽ പാലം, പാഞ്ചിക്കാട്ട് കടവ് - പാലം എന്നിവ നിർമ്മിക്കുന്നതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കന്നിപ്പുറം - നെയ്യാറ്റിൻകര പാലം നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ കന്നിപ്പുറം പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 1-2-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി 26-2-2018-ൽ നിയമിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധന നടത്തിയതിൽ ലഭ്യമായ റിക്വിസിഷനിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് റിക്വിസിഷൻ അതോറിറ്റിയെ വിവരം അറിയിച്ചതനുസരിച്ച് പുതുക്കിയ റിക്വിസിഷൻ 3-11-2020-ൽ ലഭ്യമാക്കുക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. പ്രസ്തുത കാലയളവിനുള്ളിൽ സാമൂഹിക ആഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് ഭൂമിയേറ്റെടുക്കുന്നതിനായുള്ള 11(1) വിജ്ഞാപനം 18-11-2020-ലെ 2836 നമ്പർ അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ ഭാഗമായുള്ള പുനരധിവാസ പാക്കേജ് തയ്യാറാക്കുന്ന നടപടിയും ഏറ്റെടുക്കുന്ന ഭൂമിയുടെ സ്കെച്ച് തയ്യാറാക്കുന്ന നടപടിയും പുരോഗമിക്കുന്നു. പാഞ്ചിക്കാട്ട് കടവ് - പാലം നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ പാഞ്ചിക്കാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 16-1-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി 5-9-2018-ൽ നിയമിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരി ആനുഷാംഗിക ചെലവുകൾ ലഭ്യമാക്കിയതിൻപ്രകാരം പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയയിൽ- മുള്ളറവിള പാലം നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള, പെരുംമ്പഴുർ എന്നീ വില്ലേജുകളിലായി ആയയിൽ മുള്ളറവിള പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 14-3-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പി.ഡബ്ല്യു.ഡി സതേൺ സർക്കിൾ തിരുവനന്തപുരത്തിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി 28-5-2018-ൽ നിയമിച്ചിട്ടുള്ളതാണ്. ഭൂമിയേറ്റെടുക്കുന്നതിനായി അർത്ഥനാധികാരി ആനുഷാംഗിക ചെലവുകൾ ലഭ്യമാക്കിയതിൻപ്രകാരം പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് നാല് വർഷമായി ഇതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട റവന്യു ജീവനക്കാരിൽ ഭൂരിഭാഗംപേർക്കും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ടി വന്നതിനാൽ ലാൻഡ് അക്വിസിഷൻ നടപടികളിൽ ചെറിയ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും ഭൂമിയേറ്റെടുക്കൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുള്ളതും ആയതിന്റെ പുരോഗതി പ്രത്യേകം നിരീക്ഷിക്കുന്നതുമാണ്.